പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി

4 [1209] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓരോ പഞ്ചായത്തിലും ഒരു വ്യവസായ സംരംഭം എന്ന നിലയിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ചെറുകിട വ്യവസായ മേഖലയിൽ പഞ്ചായത്തുതലത്തിൽ ഒന്നിലേറെ യൂണിറ്റുകൾ ഇപ്പോൾതന്നെ നിലവിലുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക് സ്ഥാപിക്കുക എന്ന മുൻ സർക്കാരിന്റെ തീരുമാനം നടപ്പിലാക്കുന്നതിന് 'സിഡ്കോ'യെയാണ് ചുമതലപ്പെടുത്തിയിരുന്നത്. മൂടാടി, ചേലക്കര, തിരുവാർപ്പ് എന്നീ പഞ്ചായത്തുകളിൽ നിന്നുലഭിച്ച ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കാൻ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇതുകൂടാതെ സിഡ്കോയുടെ ഉടമസ്ഥതയിൽ കേരളത്തിലുടനീളം 17 വ്യവസായ എസ്റ്റേറ്റുകളും 36 മിനി വ്യവസായ എസ്റ്റേറ്റുകളും നിലവിലുണ്ട്.

വ്യവസായ ഡയറക്ടറുടെ കീഴിൽ വിവിധ ജില്ലകളിലായി 14 വ്യവസായ വികസന പ്രദേശങ്ങളും 24 വ്യവസായ പ്ലോട്ടുകളും നിലവിലുണ്ട്. ഇവയിലുള്ള ഷെഡുകൾ, ഭൂമി ഇവ ഒഴിവുവരുന്ന മുറയ്ക്ക് വ്യവസായ സംരംഭകർക്കായി എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി വ്യവസായ നടത്തിപ്പിനായി നൽകുന്നുണ്ട്.

വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

5 [1210] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2001-ൽ പ്രഖ്യാപിച്ച സ്പെഷ്യൽ ഇൻഡസ്ട്രിയൽ സോണുകൾ സംസ്ഥാനത്ത് എവിടെയെല്ലാം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുകയുണ്ടായി ;

(ബി) ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഇത്തരം പ്രത്യേക വ്യവസായ മേഖലകളിൽ വ്യവസായം തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് എന്തെല്ലാം പ്രത്യേക സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എറണാകുളത്ത് വല്ലാർപ്പാടത്ത് ഒരു സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ കിൻഫ്ര ഫുഡ് പ്രോസ്സസിംഗിനായുള്ള സ്പെഷ്യൽ ഇക്കണോമിക് സോൺ മലപ്പുറത്തെ കാക്കഞ്ചേരിയിലും ഇലക്ട്രോണിക് സ്പെഷ്യൽ ഇക്കണോമിക് സോൺ എറണാകുളത്തെ കളമശ്ശേരിയിലും സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽനിന്ന് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്.

(ബി) വല്ലാർപ്പാടത്തുള്ള സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിക്കുന്നതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്കാവശ്യമായ സ്ഥലം തിരിച്ച് ഒരു സെസ്സായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കിൻഫ്രയുടേതായ രണ്ട് സെസ്സുകൾക്കും കേന്ദ്രത്തിൽ നിന്നുള്ള ക്ലിയറൻസ് ഇപ്പോൾ ലഭിച്ചിട്ടേയുള്ളൂ. ഔപചാരികമായി ഉത്തരവ് പ്രതീക്ഷിക്കുന്നു.

(സി) കേരള സ്റ്റാമ്പ് ആക്ട് പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നും സംസ്ഥാനത്തിന്റെ സെയിൽസ് ടാക്സ്, പർച്ചേസ് ടാക്സ്, കേരള സ്റ്റാമ്പ് ആക്ട്, പ്രാദേശിക നികുതികൾ എന്നിവയിൽ നിന്നും സ്പെഷ്യൽ ഇക്കണോമിക് സോണുകളിലുള്ള ഡെവലപ്പേഴ്സിനെ ഒഴിവാക്കിയിട്ടുണ്ട്. കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം നൽകേണ്ട വിവിധ പേമെന്റുകളിൽ നിന്നും (ഇലക്ട്രിസിറ്റി ഡ്യൂട്ടി, ലൈസൻസുകൾ മുതലായവയിൽ) ഇളവുകളും ഒഴിവാക്കലുകളും അടങ്ങുന്ന ആനുകൂല്യങ്ങൾ സ്പെഷ്യൽ ഇക്കണോമിക് സോണിലെ ഡെവലപ്പേഴ്സിന് ലഭ്യമാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഡെവലപ്പ്മെന്റ് കമ്മീഷണർ (സെസ്സ്) കൊച്ചിയെ കൺസീലിയേഷൻ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്പെഷ്യൽ ഇക്കണോമിക് സോണുകൾക്ക് കീഴിൽ വരുന്ന വികസന സംരംഭകരെയും, വ്യാവസായിക യൂണിറ്റുകളേയും മറ്റ് സ്ഥാപനങ്ങളേയും പ്രാദേശിക നികുതികൾ, ചുങ്കം മുതലായവ നൽകേണ്ടതിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. പ്രത്യേക വ്യവസായ മേഖലയിൽ വ്യവസായം തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് കേന്ദ്ര ഗവൺമെന്റ് പോളിസി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പുതുശ്ശേരി വ്യവസായ മേഖലയിലെ ഉരുക്ക് വ്യവസായ ശാലകൾ

6 [1211] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പുതുശ്ശേരി വ്യവസായ മേഖലയിൽ എത്ര ഇരുമ്പ്, ഉരുക്ക് വ്യവസായ ശാലകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly